കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ല - കാറഡുക്ക ഗ്രാമപഞ്ചായത്ത് - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക 3 (10) - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.206/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 25.01.2013

പരാമർശം:
1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ (കാസർഗോഡ്) 11.05.12-ലെ പി1-302/07 നമ്പർ കത്ത്.
2. കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 21.02.12-ലെ മീറ്റിംഗിലെ 26.12.(6) -ാം നമ്പർ തീരുമാനം.
3. കാസർഗോഡ് ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ 31.01.2012-ലെ യോഗത്തിലെ (6)-ാം നമ്പർ തീരുമാനം.
4. പഞ്ചായത്ത് ഡയറക്ടറുടെ 8.10.12-ലെ എം3-27464/12-ാം നമ്പർ കത്ത്.
5. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1.8.2012-ലെ LF.PT3/12785/12-ാം നമ്പർ കത്ത്.

## ഉത്തരവ്

കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിൽ 2003-04 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നിർമ്മാണത്തിനായി 11 ഗുണഭോക്താക്കൾക്ക് 9580/- രൂപ വീതം ആകെ 105380/- രൂപ സബ്സിഡിയായി നൽകിയ പഞ്ചായത്തിന്റെ നടപടി 2003-04 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് ഖണ്ഡിക 3 (10) പ്രകാരം തടസ്സപ്പെടുത്തുകയുണ്ടായി. ലോക്കൽ ഫണ്ട് ഓഡിറ്റ് ഖണ്ഡിക 3 (10) -ലെ പരാമർശത്തിന് സർക്കാർ സാധൂകരണം നൽകണമെന്ന് ഗ്രാമപഞ്ചായത്തിന്റെ പരാമർശം രണ്ടിലെ തീരുമാനത്തിന്റെയും ജില്ലാതല മോണിട്ടറിംഗ് സമിതിയുടെ പരാമർശം മൂന്നിലെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (കാസർഗോഡ്) പരാമർശം ഒന്നിലെ കത്ത് പ്രകാരം സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സാധൂകരണം നൽകാവുന്നതാണെന്ന് സൂചന (4) -ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടറും പരാമർശം 5-ലെ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കർഷകർക്ക് കുളം നിർമ്മാണത്തിനായി ചെലവിട്ട തുകയാണെന്ന് പഞ്ചായത്ത് വിശദീകരിച്ചതിനാലും കാർഷിക മേഖലയ്ക്ക് മുതൽ കൂട്ടാവുന്ന പ്രവൃത്തിയായതിനാലും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും സാധൂകരണത്തിനായി ശുപാർശ ചെയ്തിരിക്കുന്നതിനാലും പ്രസ്തുത ചെലവിന് സാധൂകരണം നൽകുന്നത് ഉചിതമായിരിക്കുമെന്ന പഞ്ചായത്ത് ഡയറക്ടറുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും ശുപാർശകളുടെ അടിസ്ഥാനത്തിൽ ഇതൊരു കീഴ് വഴക്കമായി മറ്റു പദ്ധതികൾക്ക് ആവശ്യപ്പെടാൻ

പാടില്ല എന്ന നിബന്ധനയോടുകൂടി കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ 2003-04 വർഷത്തിലെ ഖണ്ഡിക 3 (10)-ൽ സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കാത്ത ഇനത്തിന് സബ്സിഡി നൽകിയ കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
സെക്രട്ടറി, കാറഡുക്ക ഗ്രാമപഞ്ചായത്ത്, കാസർഗോഡ്.
വെബ് & ന്യൂ മീഡിയ സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.